**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4400** **01-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അനിൽ അംബാനിയുടെ സ്ഥാപനത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ; | (എ) | കെ.എഫ്.സി അനിൽ അംബാനിയുടെ കമ്പനിയിൽ നേരിട്ട് നിക്ഷേപം നടത്തിയിട്ടില്ല. എന്നാൽ ധനസമാഹരണത്തിന്റെ ഭാഗമായി കെ.എഫ്.സി Reliance Capital & Finance trust limited എന്ന കമ്പനിയുടെ subsidiary കമ്പനിയും സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന NBFC(Non Banking Financial Company) ആയ Reliance Commercial Finance Ltd(RCFL) ന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥാപനം അംബാനി കമ്പനിയിൽ എത്ര രൂപ, എത്ര പലിശ നിരക്കിൽ നിക്ഷേപിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ Reliance Commercial Finance Ltd. (RCFL) എന്ന ധനകാര്യ സ്ഥാപനത്തിൽ 60.80 കോടി രൂപ 9.10% വാർഷിക കൂപ്പണിൽ അവരുടെ Secured Redeemable NCD(Non Convertible Debentures) കളിൽ നിക്ഷേപിച്ചു. |
| (സി) | പ്രസ്തുത സ്ഥാപനം അംബാനി കമ്പനിയിൽ നിക്ഷേപിച്ചതിൽ എത്ര തുക തിരികെ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ഇതുവരെ 13.19 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ